# Frequently Asked Questions

## 1. പുതിയ റേഷൻകാർഡ് എടുക്കുന്നതിന് എവിടെയാണ് അപേക്ഷ നല്കേണ്ടത്?


- അക്ഷയ കേന്ദ്രം മുഖേന അപേക്ഷിക്കാവുന്നതാണ്.
- www.civilsupplieskerala.gov.in എന്ന website-ലുള്ള**Citizen Login**-ൽ User Account create ചെയ്ത് അതുമുഖേനയും അപേക്ഷിക്കാവുന്നതാണ്.

## 2. എങ്ങനെയാണ് Citizen Login-ൽ User Account create ചെയ്യുന്നത് ?

### A. നിലവിലുള്ള റേഷൻ കാർഡിൽ എന്തെങ്കിലും മാറ്റങ്ങൾ വരുത്തുന്നതിനായുള്ള User Account create ചെയ്യുന്ന രീതി:-

✓ civilsupplieskerala.gov.in എന്ന URL ടൈപ്പ് ചെയ്യുക

✓ Citizen Login എന്ന ബട്ടൺ ക്ലിക് ചെയ്യുക





✓ Citizen ബട്ടൺ ക്ലിക് ചെയ്യുക




✓ Create an Account എന്ന ബട്ടണിൽ ക്ലിക് ചെയ്യുക




- ✓ പുതിയ റേഷൻ കാർഡിനു വേണ്ടിയാണോ എന്ന ചോദ്യത്തിന് No എന്നു മറുപടി നല്കുക
- ✓ റേഷൻകാർഡിൽ നിലവിൽ ചേർത്തിട്ടുള്ള ഏതെങ്കിലും ഒരു ആധാർ നമ്പരും റേഷൻകാർഡ് നമ്പരും നല്കുക. VALIDATE ചെയ്യുക. ഒരംഗത്തിന്റെയും ആധാർ റേഷൻ കാർഡുമായി ചേർത്തിട്ടില്ലായെങ്കിൽ അക്ഷയ കേന്ദ്രം മുഖേന അപേക്ഷ നല്കുക
- ✓ ലോഗിൻ ഐഡി (പരമാവധി 10 അക്ഷരം), പാസ് വേഡ്, ഇമെയിൽ, മൊബൈൽ നമ്പർ എന്നിവ നല്കുക, SUBMIT ചെയ്യുക.





## B. പുതിയ റേഷൻ കാർഡ് എടുക്കുന്നതിന് വേണ്ടി User Account create ചെയ്യുന്ന രീതി


- ✓ പുതിയ റേഷൻ കാർഡിനു വേണ്ടിയാണോ എന്ന ചോദ്യത്തിന് Yes എന്നു മറുപടി നല്കുക
- ✓ താലൂക്ക് സപ്ലൈ ഓഫീസ് / സിറ്റി റേഷനിംഗ് ഓഫീസ് select ചെയ്യുക
- ✓ ലോഗിൻ ഐഡി (പരമാവധി 10 അക്ഷരം), പേര്, പാസ് വേഡ്, ഇമെയിൽ, മൊബൈൽ നമ്പർ എന്നിവ നല്കുക, SUBMIT ചെയ്യുക.
- ✓ Email ID-യിലേക്ക് വരുന്ന Verification Link-ൽ ക്ലിക്ക് ചെയ്ത് ലോഗിൻ ചെയ്യുക



Create ചെയ്ത User ID-യും Password-ഉം ഉപയോഗിച്ച് login ചെയ്യുമ്പോൾ ലഭിക്കുന്ന പേജിലുള്ള E-SERVICES എന്ന ലിങ്കിൽ ക്ലിക്ക് ചെയ്യുക.തുടർന്ന് ലഭിക്കുന്ന പേജിൽ നിന്നും ആവശ്യമുള്ള Option തെരഞ്ഞെടുക്കുക.



| Sl. No. | Name of Option in Citizen login/Akshaya login (E-Services) | **റേഷൻ കാർഡുമായി ബന്ധപ്പെട്ട എന്തൊക്കെ ആവശ്യത്തിനാണ് ഈ Option ഉപയോഗിക്കുന്നത് ?** |
|---|---|---|
| 1 | New Ration card | പുതിയ ഒരു റേഷൻ കാർഡ് എടുക്കുന്നതിന് |
| 2 | Issue of Duplicate Ration Card | നഷ്ടപ്പെട്ടുപോയതോ നശിച്ചുപോയതോ ആയ റേഷൻ കാർഡിന് പകരം Duplicate റേഷൻ കാർഡ് ലഭിക്കുന്നതിന് |
| 3 | Transfer of Cards | ഒരു താലൂക്കിലുള്ള റേഷൻ കാർഡ് ഡാറ്റ മൊത്തമായി മറ്റൊരു താലൂക്കിന്റെ പരിധിയിലേക്ക് മാറ്റുന്നതിന് |
| 4 | Add Transferred Cards | Transfer of Cards അപേക്ഷ മുഖേന മറ്റൊരു താലൂക്കിലേക്ക് മാറ്റിയ റേഷൻ കാർഡ് ഡാറ്റ ഉപയോഗിച്ച് അവിടെ പുതിയൊരു റേഷൻ കാർഡ് എടുക്കുന്നതിന് |
| 5 | Change of Ownership | നിലവിലുള്ള കാർഡ് ഉടമയെ മാറ്റുന്നതിന് |
| 6 | Surrender of Cards | കാർഡിലുള്ള കുടുംബം സംസ്ഥാനത്തിന് പുറത്തേയ്ക്ക് താമസം മാറ്റുമ്പോഴോ, കാർഡിലെ എല്ലാ അംഗങ്ങളും മരണപ്പെടുമ്പോഴോ കാർഡ് Surrender ചെയ്യുന്നതിന് |
| 7 | General Details | കാർഡുമായി ബന്ധപ്പെട്ടുള്ള Mobile Number, വീട്ടു നമ്പർ, വാർഡ് നമ്പർ etc. (Card Attributes), ജനന തീയതി, Male/Female, Relation etc. (Family Attributes) മുതലായവ തിരുത്തുന്നതിന് |
| 8 | Change ARD | കാർഡിൽ രേഖപ്പെടുത്തിയിട്ടുള്ള റേഷൻ കട മാറ്റുന്നതിന് |
| 9 | Address Change | കാർഡിലുള്ള മേൽവിലാസം മാറ്റുന്നതിന് |
| 10 | Transfer of Member | കാർഡിലുള്ള ഒരു അംഗത്തെ/അംഗങ്ങളെ മറ്റൊരു താലൂക്കിന്റെ പരിധിയിലേക്ക് മാറ്റുന്നതിന് |
| 11 | Addition of Member | കാർഡിലേക്ക് പുതിയ ഒരു അംഗത്തെ/അംഗങ്ങളെ ചേർക്കുന്നതിന് (നിലവിൽ ഒരു റേഷന് കാർഡിലും അംഗമല്ലാത്ത വ്യക്തിയെ ചേർക്കുന്നതിന് അയാളുടെ ആധാർ നമ്പരും, അതേ താലൂക്കിൽ തന്നെ നിലവിൽ മറ്റൊരു കാർഡിലുള്ള വ്യക്തിയെ ചേർക്കുന്നതിന് സമ്മതപത്രവും, മറ്റൊരു താലൂക്കിലെ കാർഡിൽ നിന്നും Transfer ആയി വരുന്ന വ്യക്തിയെ ചേർക്കുന്നതിന് Transfer of Member Application നമ്പരും, Source of Addition ആയി ഉപയോഗിക്കുന്നു) |
| 12 | Reduction of Member | കാർഡിലുള്ള ഒരു അംഗം/അംഗങ്ങൾ സംസ്ഥാനത്തിന് പുറത്തേയ്ക്ക് താമസം മാറ്റുമ്പോഴോ, മരണപ്പെടുമ്പോഴോ, ഒരു വ്യക്തി ഒരേ സമയം ഒന്നിൽ കൂടുതൽ റേഷൻ കാർഡുകളിൽ അംഗമായിരിക്കുമ്പോഴോ പേര് കാർഡിൽ നിന്നും സ്ഥിരമായി നീക്കം ചെയ്യുന്നതിന് |
| 13 | Profession Change | ജോലി, വരുമാനം, പ്രവാസി (NRK/NRI) സ്റ്റാറ്റസ് എന്നിവ മാറ്റുന്നതിന് |
| 14 | Name Correction | തെറ്റായി രേഖപ്പെടുത്തിയിട്ടുള്ള പേരുകൾ തിരുത്തുന്നതിന് |
| 15 | Change Residence Status | പ്രവാസി (NRK/NRI) സ്റ്റാറ്റസ് മാറ്റുന്നതിന് |
| 16 | LPG Details | കാർഡിൽ ചേർത്തിട്ടുള്ള LPG (ഗ്യാസ് കണക്ഷൻ) വിവരങ്ങൾ തിരുത്തുന്നതിന് |
| 17 | Bank Details | കാർഡ് ഡാറ്റയിലുള്ള ബാങ്ക് അക്കൗണ്ട് വിവരങ്ങൾ തിരുത്തുന്നതിന് |

NB:- ആവശ്യമായ രേഖകൾ Upload ചെയ്തശേഷം Online അപേക്ഷകൾ SUBMIT ചെയ്യുകയും, അതിന് ശേഷം PRINT എന്നതിൽ ക്ലിക്ക് ചെയ്ത് Application Printout എടുക്കുകയും അതിൽ കാർഡുടമ ഒപ്പിട്ട് ആ Signed Application തിരികെ Upload ചെയ്യുകയും അവസാനമായി FINAL SUBMIT എന്നതിൽ ക്ലിക്ക് ചെയ്യുകയും ചെയ്താൽ മാത്രമേ അപേക്ഷ താലൂക്ക് സപ്ലൈ ഓഫീസ് ലോഗിനിൽ Approval ചെയ്യുന്നതിനായി ലഭിക്കുകയുള്ളൂ.

(SUBMIT ---> PRINT ---> Upload Signed Application ---> FI NAL SUBMIT)

3. റേഷൻ കാർഡിനായി എന്തെല്ലാം രേഖകളാണ് വേണ്ടത്?

- നിലവിൽ റേഷൻ കാർഡിലെ അംഗമാണെങ്കിൽ
  - അതേ താലൂക്കിൽ തന്നെയാണ് കാർഡ് എടുക്കേണ്ടതെങ്കിൽ നിലവിലെ കാർഡുടമയുടെ സമ്മതപത്രം
  - മറ്റൊരു താലൂക്കിലാണ് കാർഡ് ആവശ്യമെങ്കിൽ കാർഡിൽ നിന്ന് കുറവു ചെയ്ത് പ്രസ്തുത താലൂക്ക് സപ്ലൈ ഓഫീസർ ലഭ്യമാക്കിയ ട്രാൻസ്ഫർ സർട്ടിഫിക്കറ്റ് ആപ്ലിക്കേഷൻ നമ്പർ
- നിലവിൽ കാർഡിൽ അംഗമല്ല എങ്കിലോ മറ്റു സംസ്ഥാനങ്ങളിൽ നിന്ന് മാറി വന്ന ആളാണെങ്കിലോ?
  - ആധാർ നമ്പർ
- എല്ലാ അംഗങ്ങൾക്കും നിർബന്ധമായും ആധാർ ഉണ്ടായിരിക്കേണ്ടതാണ്.
- മേൽവിലാസം തെളിയിക്കുന്ന രേഖ (റസിഡൻഷ്യൽസർട്ടിഫിക്കറ്റ്, ഓണർഷിപ്പ് സർട്ടിഫിക്കറ്റ്, വീട്ടുകരമടച്ച രസീത്, വാടകക്കരാർ തുടങ്ങിയവയിലേതെങ്കിലും ഒരു രേഖ)
- വരുമാനസർട്ടിഫിക്കറ്റ് (സർക്കാരുദ്യോഗസ്ഥരോ പ്രതിമാസം 25,000/- രൂപയിൽ കൂടുതൽ വരുമാനം ഉള്ളവരോ ആണെങ്കിൽ വരുമാനസർട്ടിഫിക്കറ്റ് ആവശ്യമില്ല)

4. ഞാനും ഭാര്യയും മക്കളും ഞങ്ങളുടെ കുടുംബ കാർഡിലുണ്ട്. അതേ താലൂക്കിൽ തന്നെ പുതിയറേഷൻ കാർഡിനായി എന്തു ചെയ്യണം?

- പുതിയ റേഷൻ കാർഡിനായുള്ള അപേക്ഷ നല്കുക. കാർഡുടമയെ തെരഞ്ഞെടുക്കുമ്പോൾ Owner from Splitting എന്ന ഓപ്ഷൻ തെരഞ്ഞെടുത്ത് നിലവിലെ കാർഡിന്റെ ബാർകോഡ് നല്കുക.
- അംഗങ്ങളെ തെരഞ്ഞെടുക്കുമ്പോൾ Source ആയി സമ്മതപത്രം എന്ന ഇനം തെരഞ്ഞെടുക്കുക. നിലവിലെ കാർഡിന്റെ ബാർകോഡ് നല്കുക
- സമ്മതപത്രം, മേൽവിലാസം തെളിയിക്കുന്ന രേഖ, വരുമാനസർട്ടിഫിക്കറ്റ് എന്നിവ അപ് ലോഡ് ചെയ്യേണ്ടതുണ്ട്.

5. ഞാനും കുടുംബവും കാലങ്ങളായി വിദേശത്താണ്. നേരത്തേ ഉണ്ടായിരുന്ന റേഷൻ കാർഡ് പുതുക്കിയിട്ടില്ല. ഇപ്പോൾ നാട്ടിൽ തിരികെയെത്തി സ്ഥിരതാമസം ആക്കിയിട്ടുണ്ട്. പുതിയ കാർഡ് ലഭിക്കാൻ എന്തു ചെയ്യണം?

പുതിയ റേഷൻ കാർഡിനായുള്ള അപേക്ഷ നല്കുക.

(എല്ലാ അംഗങ്ങളുടെയും ആധാർ, മേൽവിലാസം തെളിയിക്കുന്ന രേഖ, വരുമാനസർട്ടിഫിക്കറ്റ് എന്നിവയാണ് ആവശ്യമായ രേഖകൾ)

6. കാർഡ് സംബന്ധിച്ച എല്ലാ ആപ്ലിക്കേഷനും ആധാർ നിർബന്ധമാക്കിയിട്ടുണ്ടോ?

- ഉണ്ട്
- കാർഡിലെ എല്ലാ അംഗങ്ങൾക്കും ആധാർ സീഡ് ചെയ്തിട്ടുണ്ടെങ്കിൽ മാത്രമേ റേഷൻ കാർഡ് സംബന്ധമായ ആപ്ലിക്കേഷനുകൾ സമർപ്പിക്കുവാൻ സാധിക്കുകയുള്ളൂ.
- എന്നാൽ ഒരംഗത്തെ കാർഡിൽ നിന്ന് ഒഴിവാക്കുന്നതിനുള്ള Reduction of member ആപ്ലികേഷൻ, ഒരാളെ NRK ആയി രേഖപ്പെടുത്തുന്നതിനുള്ള Change Residence Status, ആധാറില്ലാത്ത കാർഡുടമയെ കാർഡിൽ നിന്നും നീക്കം ചെയ്ത് പുതിയ ഉടമയെ നിയമിക്കുന്നതിനുള്ള Change of Ownership എന്നിവയ്ക്ക് ആധാറില്ലെങ്കിലും ഇളവ് ലഭിക്കും.

7. ആധാർ ഡ്യൂപ്ലിക്കേഷൻ വന്നാൽ എന്തു ചെയ്യണം?

- ആധാർ ഡ്യൂപ്ലിക്കേഷൻ വരുന്നതിന് താഴെപ്പറയുന്ന സാഹചര്യങ്ങളാണ് ഉള്ളത്.
  - വേറൊരു കാർഡിൽ അംഗമായിരിക്കുക – അങ്ങനെയാണെങ്കിൽ പ്രസ്തുത കാർഡിൽ നിന്ന് ഈ അംഗത്തെ ഒഴിവാക്കിയ ശേഷം മാത്രമേ ആപ്ലിക്കേഷൻ തുടരാൻ സാധിക്കുകയുള്ളൂ.
  - മറ്റൊരു താലൂക്കിൽ നിന്നു ട്രാൻസ്ഫർ ചെയ്തു എങ്കിലും പ്രസ്തുത ആപ്ലിക്കേഷൻ നമ്പർ ഉപയോഗിക്കാതെ ആധാർ സോഴ്സ് ആയി അംഗത്തെ ചേർക്കുക – ഈ സാഹചര്യത്തിൽ തെറ്റായി തുടങ്ങിയ ആപ്ലിക്കേഷൻ ക്യാൻസൽ ചെയ്യിക്കുക. ഇതിനായി താലൂക് സപ്ലൈ ഓഫീസുമായി ബന്ധപ്പെടുക
  - മറ്റു കാരണങ്ങളാൽ ആധാർ സീഡ് ചെയ്യുന്നതിന് തടസ്സം നേരിട്ടാൽ താലൂക്ക് സപ്ലൈ ഓഫീസുമായി ബന്ധപ്പെടുക

8. ആധാർ സീഡ് ചെയ്യാൻ എത്ര കാലതാമസം നേരിടും?

- കാലതാമസം നേരിടില്ല. അക്ഷയ മുഖേനയോ സിറ്റിസൺ ലോഗിൻ മുഖേനയോ സീഡ് ചെയ്യുന്ന ആധാർ വെരിഫൈ ചെയ്യപ്പെട്ടതായി കണ്ടില്ലെങ്കിൽ താലൂക്ക് സപ്ലൈ ഓഫീസുമായി ബന്ധപ്പെടുക

9. ആധാർ അപ്ഡേറ്റ് ചെയ്യുന്നതിന് എസ്എംഎസ് മുഖേന സാധിക്കുമോ?

- നിലവിൽ സാധിക്കില്ല. അക്ഷയ മുഖേനയോ സിറ്റിസൺ ലോഗിൻ മുഖേനയോ സീഡ് ചെയ്യേണ്ടതാണ്. അല്ലെങ്കിൽ റേഷൻകടയിൽ ഓരോ ആധാറിന്റെയും ഉടമകൾ നേരിട്ട് പോയാൽ സീഡ് ചെയ്യാവുന്നതാണ്. താലൂക്ക് സപ്ലൈ ഓഫീസിൽ പോകുകയാണെങ്കിൽ ആധാറിന്റെയുംറേഷൻ കാർഡിന്റെയും പകർപ്പ് നല്കിയാൽ മതിയാകും.

10. സറണ്ടർ സർട്ടിഫിക്കറ്റും ട്രാൻസ്ഫർ സർട്ടിഫിക്കറ്റും തമ്മിലുള്ള വ്യത്യാസം എന്ത്?

- ഒരു കാർഡിലെ എല്ലാ അംഗങ്ങളും മറ്റൊരു സംസ്ഥാനത്തേക്ക് സ്ഥലം മാറി പോകുകയാണെങ്കിൽ സറണ്ടർ സർട്ടിഫിക്കറ്റ് നല്കുന്നു.
- സംസ്ഥാനത്തിനുള്ളിൽ മറ്റൊരു താലൂക്കിലേക്ക് മാറിപ്പോകുകയാണെങ്കിൽ ട്രാൻസ്ഫർ സർട്ടിഫിക്കറ്റ് നല്കുന്നു. (കാർഡിലെ എല്ലാ അംഗങ്ങളും മാറുകയാണെങ്കിൽ ട്രാൻസ്ഫർ ഓഫ് കാർഡ് സർട്ടിഫിക്കറ്റും ഏതാനും അംഗങ്ങൾ മാത്രമാണ് മാറുന്നതെങ്കിൽ ട്രാൻസ്ഫർ ഓഫ് മെംബർ സർട്ടിഫിക്കറ്റും നല്കുന്നു.
- കാർഡിലെ ഏതാനും അംഗങ്ങൾ മാത്രം മറ്റൊരു സംസ്ഥാനത്തേക്ക് മാറിപ്പോകുകയാണെങ്കിൽ റിഡക്ഷൻ സർട്ടിഫിക്കറ്റ് നല്കുന്നു.

11. കാർഡിൽ തെറ്റായി NRK എന്നു രേഖപ്പെടുത്തിയിരുന്നാൽ എന്തു ചെയ്യണം?

- Change Residence Status എന്ന മെനു മുഖേന തിരുത്തുക

12. നിലവിലുള്ള കാർഡിൽ പുതിയ ഒരംഗത്തെ ചേർത്താൽ കാർഡ് ടൈപ്പിൽ മാറ്റം വരുമോ?

- പുറത്താക്കൽ മാനദണ്ഡങ്ങളിൽ പെട്ട അംഗമാണ് എങ്കിൽ മാറ്റം വരും. (സർക്കാരുദ്യോഗം, ഇൻകം ടാക്സ് നല്കുന്നയാൾ, മൊത്തം വരുമാനം 25000 കവിയുക, തുടങ്ങി)

13. കാർഡിന്റെ ഉടമസ്ഥാവകാശം മാറ്റാൻ എന്തു ചെയ്യണം?

- Change of Ownership എന്ന മെനു തെരഞ്ഞെടുക്കുക. നിലവിലെ ഉടമ മരണപ്പെട്ടു എങ്കിൽ മരണസർട്ടിഫിക്കറ്റ് ഹാജരാക്കണം. നിലവിലെ ഉടമ, ഉടമസ്ഥത മാറുകയാണെങ്കിൽ, ടിയാളുടെ സമ്മതപത്രം ഹാജരാക്കുക. പുതിയ ഉടമയുടെ ഫോട്ടോ അപ് ലോഡ് ചെയ്യുക.

14.സിറ്റിസൺ ലോഗിൻ ഐഡിയും പാസ് വേഡും മറന്നു പോയാൽ എന്തു ചെയ്യണം?

- Forgot User ID അല്ലെങ്കിൽ Forgot password എന്ന ഓപ്ഷൻ ഉപയോഗിക്കുക. യൂസർ ഐഡി രജിസ്റ്റർ ചെയ്തപ്പോൾ നല്കിയ ഇ-മെയിൽ വിലാസത്തിലേക്ക് സന്ദേശം ലഭിക്കും.

15.പുതിയ റേഷൻ കാർഡിന് അപേക്ഷ കൊടുത്താൽ എത്ര ദിവസത്തിനകം കാർഡ് ലഭിക്കും?

- താലൂക് സപ്ലൈ ഓഫീസുമായി ബന്ധപ്പെടുക

16.മരണപ്പെട്ടുപോയ അംഗത്തെ കാർഡിൽ നിന്നും ഒഴിവാക്കാൻ എന്തു ചെയ്യും?

- മരണസർട്ടിഫിക്കറ്റ് സഹിതം Reduction of Member എന്ന അപേക്ഷ നല്കുക

17.ഒരംഗം മാത്രമുള്ള കാർഡിൽ നിന്ന് ഈ അംഗത്തെ മറ്റൊരു കാർഡിലേക്ക് മാറ്റുന്നത് എങ്ങനെയാണ്?

- ഒരംഗം മാത്രമേ ഉള്ളൂ എങ്കിൽ Surrender of Cards എന്ന മെനു വഴി അപേക്ഷ നല്കുക. അപേക്ഷ നല്കുമ്പോൾ Within State എന്ന ഓപ്ഷൻ തെരഞ്ഞെടുക്കുക. സ്വന്തം താലൂക്കിൽ തന്നെയുള്ള കാർഡിലേക്ക് ആണ് ഉൾപ്പെടുത്തേണ്ടത് എങ്കിൽ കാർഡ് നമ്പർ (ബാർകോഡ്) നല്കുക. മറ്റൊരു താലൂക്കിലെ കാർഡിലേക്കാണ് എങ്കിൽ താലൂക്ക് തെരഞ്ഞെടുക്കുക.

18.ഒരു കാർഡിലെ എല്ലാ അംഗങ്ങളെയും മറ്റൊരു താലൂക്കിലെ റേഷൻ കാർഡിലേക്ക് മാറ്റാൻ സാധിക്കുമോ?

- കഴിയും. Transfer of members എന്ന മെനു തെരഞ്ഞെടുത്ത് Transfer all members എന്ന ഓപ്ഷൻ തെരഞ്ഞെടുക്കുക. ഈ ട്രാൻസ്ഫർ ആപ്ലിക്കേഷൻ നമ്പർ ഉപയോഗിച്ച് Addition of member മെനു വഴി മറ്റൊരു കാർഡിലേക്ക് ചേർക്കാവുന്നതാണ്.

19.ഓൺലൈൻ തിരുത്തൽ വരുത്താൻ കാർഡിലെ എല്ലാ അംഗങ്ങളുടെയും ആധാർ ചേർക്കണം എന്ന നിർബന്ധമുണ്ടോ?

- അതേ. എന്നാൽ ഒരംഗത്തെ കാർഡിൽ നിന്ന് ഒഴിവാക്കുന്നതിനുള്ള Reduction of member ആപ്ലികേഷൻ, ഒരാളെ NRK/NRI ആയി രേഖപ്പെടുത്തുന്നതിനുള്ള Change Residence Status, ആധാറില്ലാത്ത കാർഡുടമയെ കാർഡിൽ നിന്നും നീക്കം ചെയ്ത് പുതിയ ഉടമയെ നിയമിക്കുന്നതിനുള്ള Change of Ownership എന്നിവയ്ക്ക് ആധാറില്ലെങ്കിലും ഇളവ് ലഭിക്കും.

20. ജോലി ചേർക്കാൻ ഓൺലൈൻ ആപ്ലിക്കേഷനിൽ കഴിയുമോ?

- കഴിയും. Profession Change എന്ന മെനു തെരഞ്ഞെടുക്കുക

21. രണ്ടു എഎവൈ കാർഡുകളിൽ നിന്ന് അംഗങ്ങളെ സ്പ്ലിറ്റ് ചെയ്ത് പുതിയ കാർഡുണ്ടാക്കിയാൽ ഏതു വിഭാഗത്തിലെ കാർഡാണ് കിട്ടുന്നത്?

- മുൻഗണന (പിങ്ക്)(മറ്റു പുറത്താക്കൽ മാനദണ്ഡങ്ങളൊന്നും ഇല്ലെങ്കിൽ)

22. തൃശ്ശൂരിൽ നിന്ന് ചേർത്തല താലൂക്കിലേക്ക് ട്രാൻസ്ഫർ ചെയ്യേണ്ടിയിരുന്ന കാർഡ് അമ്പലപ്പുഴ താലൂക്കിലേക്ക് ട്രാൻസ്ഫർ ചെയ്താൽ എന്താണ് ചെയ്യേണ്ടത്?

- താലൂക്ക് സപ്ലൈ ഓഫീസുമായി ബന്ധപ്പെടുക. Transfer – Change Destination എന്ന ഓപ്ഷൻ മുഖേന ട്രാൻസ്ഫർ ഡൈവേർട്ട് ചെയ്യാൻ കഴിയും.

23. ട്രാൻസ്ഫർ ഓഫ് കാർഡ് എന്ന ആപ്ലിക്കേഷൻ മുഖേന ട്രാൻസ്ഫറായി വരുന്ന കാർഡുകൾ ഏതു സർവീസ് മുഖേന പുതിയ കാർഡാക്കി മാറ്റാൻ കഴിയും?

- Add Transferred Cards

24. Upload ചെയ്യേണ്ട രേഖകളുടെ Format & Size ?

- കാർഡ് ഉടമയാകേണ്ട വ്യക്തിയുടെ Passport size Photo – JPG Format – Maximum size 15 kb
- മറ്റ് രേഖകൾ – PDF Format – Maximum size 200 kb